പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2940 02.04.2013 -ൽ മറുപടിക്ക്

## റോഡുകളുടെ വശങ്ങളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ വികസനത്തിനു ശേഷം വശങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ ദീർഘദൂരയാത്രക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നല്കുമോ ; | (എ) & (ബി)<br>2012 ൽ നടന്ന ഇൻഫ്രാസ്ട്രക്ചർ കോൺഫറൻസിൽ "ഓക്സ്ബോ ലാന്റ്" വികസിപ്പിക്കുന്നതിന് ഒരു നിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് ഉപയുക്തമായ പാർക്കിംഗ് സംവിധാനങ്ങൾ, ഹോട്ടലുകൾ, ഷോപ്പിംഗ് സമുച്ചയങ്ങൾ, ടോയ്ലറ്റുകൾ, പെട്രോൾ പമ്പുകൾ മുതലായവ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; | (സി) പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത ആവശ്യത്തിലേക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) ഈ വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ന